കളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത പാക്കേജുകളുടെ മേൽനോട്ടം വഹിക്കുന്ന പ്രത്യേക ഓഫീസിൽ നിയോഗിച്ച കൃഷിവകുപ്പ് ഉദ്യോഗസ്ഥരെ തിരികെ വകുപ്പിൽ നിയമിക്കുന്നതിന് അനുവാദം ആവശ്യപ്പെട്ടുകൊണ്ട് കൃഷി ഡയറക്ടർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) 21-9-2008-ലും 25-11-2008-ലും കേന്ദ്ര സർക്കാരിന് വിശദമായ പദ്ധതി റിപ്പോർട്ടുകൾ സമർപ്പിച്ചിരുന്നു. ടി ഡി.പി.ആർ. ഡിസംബർ 2008-ൽ കേന്ദ്ര സർക്കാർ നിരസിക്കുകയും ഫെബ്രുവരി 2009-ൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും നവംബർ 2009-ൽ പുതുക്കിയ ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തിരുന്നു.

(സി) ഉണ്ട്. സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 4249/2013/ജി.എ.ഡി. തീയതി 23-5-2013 പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ ശ്രീ. എം.സി. മോഹൻദാസ് ഐ.എ.എസ്. കട്ടനാട് ഇടുക്കി പാക്കേജുകളുടെ പ്രോജക്ട് ഡയറക്ടറായി അധിക ചുമതല വഹിച്ചുവരുന്നു. സർക്കാർ ഉത്തരവ് (ആർ.റ്റി)നമ്പർ 6339/2014/ജി.എ.ഡി. തീയതി 11-8-2014 പ്രകാരം ശ്രീ. സുബ്രതോ ബിശ്വാസ് ഐ.എ.എസ്.-ന് ഇടുക്കി പാക്കേജിന്റെ അധിക ചുമതല നൽകിയിട്ടുണ്ട്.

(ഡി) തണ്ണീർമുക്കം ബണ്ട് നവീകരണം, കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം സംബന്ധിച്ച പുരോഗതി റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.*

തെങ്ങുകൃഷി പ്രോത്സാഹനം

126 (2759) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതിയിലൂടെ എത്ര തെങ്ങുകൾ കഴിഞ്ഞ സാമ്പത്തിക വർഷം വിതരണം ചെയ്തിട്ടുണ്ട് ; കേടായ തെങ്ങ് വെട്ടിമാറ്റുന്നതിന് കർഷകർക്ക് നൽകുന്ന തുക എത്രയാണ് ;

(ബി) തെങ്ങുകയറ്റക്കാരുടെ കുറവുമൂലം കർഷകർ തെങ്ങുകൃഷിയിൽനിന്നും പിന്മാറുന്ന സാഹചര്യത്തിൽ തെങ്ങുകയറ്റക്കാരുടെ അഭാവം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേടായ തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നട്ടുപിടിപ്പിക്കുന്ന പദ്ധതി 2014-15 വർഷം കൃഷിവകുപ്പ് നടപ്പാക്കിയിട്ടില്ല. എന്നാൽ സമഗ്ര നാളികേര വികസന പദ്ധതിയായ "കേരഗ്രാമം" പദ്ധതിയുടെ ഉപഘടകമായും കൃഷിഭവനിലൂടെ നടപ്പാക്കുന്ന മറ്റ് പദ്ധതികളിലൂടെയും കേടായ തെങ്ങുകൾ വെട്ടിമാറ്റി 48108 തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കേടായ തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങ് ഒന്നിന് 500 രൂപയാണ് സബ്സിഡിയായി (ഒരു ഹെക്ടറിന് പരമാവധി 5000 രൂപ) നൽകി വരുന്നത്.

(ബി)

1. തെങ്ങുകയറ്റക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി കർമസേന രൂപീകരിച്ച് തെങ്ങ് കയറുന്നതിന് പരിശീലനം നൽകുകയും തെങ്ങ് കയറ്റയന്ത്രം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 200 പഞ്ചായത്തുകളിൽ കർമ്മസേന രൂപീകരിച്ചിട്ടുണ്ട്.

2. സമഗ്ര നാളികേര വികസന പദ്ധതിയായ കേരഗ്രാമം 2014-15 പദ്ധതിയിലൂടെ 1580 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

3. നാളികേര വികസന ബോർഡ് തെങ്ങിന്റെ ചങ്ങാതിക്കൂട്ടം എന്ന പേരിൽ തെങ്ങുകയറ്റ തൊഴിലാളികൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും തെങ്ങുകയറ്റ യന്ത്രങ്ങൾ സൗജന്യമായി നൽകുകയും ചെയ്തിട്ടുണ്ട്.

കൂടാതെ കുറിയ ഇനം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യുന്നു.

കാഞ്ഞങ്ങാട് കാർഷിക മേഖലയുടെ അടിസ്ഥാന വികസനം

127 (2760) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയുടെ അടിസ്ഥാന വികസനം സാധ്യമാക്കുന്നതിനായി എം.എൽ.എ.-യുടെ നിർദ്ദേശ പ്രകാരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?